Pulayas as complainants in Criminal cases.

80. മിസ്റ്റർ പി. സി. ചാഞ്ചൻ. –(a) ഫ ഫ ഠ ന-ൽ പുല യർ മുതലായ അധഃകൃതർ അന്നായക്കാരായിട്ടു എത്ര കേസ്സുകൾ ചാജ്ജു ചെയ്യിട്ടുണ്ട്?

(b) അവയിൽ തെളിവു കിട്ടിയവയും കിട്ടാത്തവയുമായ കേസ്സുകൾ എത്രയെന്നു സദയം പറയുമൊ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—(a) പതിനാറു.

(b) ആറു കേസ്സുകളിൽ പ്രതിയെ ശിക്ഷിക്കയും ന എണ്ണത്തിൽ കക്ഷികൾ തമ്മിൽ രാജി ആവുകയും ഫ എണ്ണം തെളിവു ഇല്ലാതെ പോകയും ചെയ്യിട്ടുണ്ടു്. ബാക്കി കേസ്സുകൾ വിചാരണയിൽ ഇരിക്കുന്നു.

Damages done to a Pulaya School building in Venduruthi.

81. മിസ്റ്റർ പി.സി. ചാഞ്ചൻ.—വെണ്ടുരുത്തിയിൽ പുലയർ അവരുടെ ഉപയോഗത്തിനുവേണ്ടി തല്ക്കാലിക നിലയിൽകെട്ടിയുണ്ടാക്കിയതും മെഡിക്കൽ പരിശോധനയും അംഗീകരണവും കഴിഞ്ഞുമായ സ്കൂൾകെട്ടിടം ചില അക്രമികൾ കൂടി പട്ടാപ്പകൽ ഉച്ചക്കു വലിച്ചുപൊളിച്ചിടുകയും തുണ് വെട്ടികണ്ടിയ്ക്കുയും ചെയ്തുവിവരം പോലീസ് അധികൃതന്മാരുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെങ്കിൽ അതിനു് എന്തു നടപടി നടത്തിയെന്നു് വെളിവാക്കുമൊ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—ഈ കാര്യത്തിൽ ഒരു കേസ്സ് റിക്കാട്ടാക്കി അന്വേഷണം നടത്തിവരുന്നുണ്ടു്.

Assault on a Pulaya residing in Venduruthi.

82. മിസ്റ്റർ. പി. സി. ചാഞ്ചൻ.—വെണ്ടുരുത്തിയിൽ ഒരു പുലയനെ ഏതാനും മാസങ്ങൾക്കു മുമ്പെ തല്ലി പരുക്കേല്പിച്ചു് തുമ്പുംകഴിയിൽ തള്ളിയിട്ടതിനു ബോധിപ്പിച്ച ഹർജിയിന്മേൽ പോല്ലീസുദ്യോഗസ്ഥന്മാർ ചെയ്ത റിപ്പോർട്ടിന്റെ പകർപ്പു സദയം മേശപ്പുറത്തു വെക്കുമൊ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—ഈ സംഗതിയിൽ പോല്ലീസു അന്വേഷണം നടത്തി വേണ്ടതു പ്രവൃത്തിച്ചിട്ടുണ്ടു്. റിപ്പോർട്ട പരസ്യമാക്കുന്നതു പോല്ലീസു നടപടിക്കു വിരോധമാണു്.

Quarrel between Parayas and Hindus in Palayannur.

83. മിസ്റ്റർ പി. സി. ചാഞ്ചൻ.—(a) പഴയന്നൂർ പോലീസു സ്റ്റേഷന്റെ കീഴ്ക്കുവശത്തിട്ടു അവിടത്തെ പാവപ്പെട്ട പറയരെ അവിടത്തെ ജാതി ഹിന്തുക്കൾ ഉപദ്രവിച്ചുവരുന്ന സംഗതി പൊല്ലീസു അധികൃതന്മാരുടെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടൊ?

() ഉണ്ടെങ്കിൽ എന്തു നടപടി നടത്തി?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—(a) ഇല്ല.

(b) മേൽ ചോദ്യത്തിന്റെ ഉത്തരം കൊണ്ട് ഈ ചോദ്യത്തിനും ഉത്തരം ആവശ്യമില്ല.

പ്രസിഡെണ്ട്.—ഈ ചോദ്യത്തിന്റെ സമാധാനം പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്. അതിന്മേൽ, കൂടുതലായി അറിയുവാൻ വല്ലതും ഉണ്ടെങ്കിൽ ചോദിക്കാം.

മിസ്റ്റർ പി. സി. ചാഞ്ചൻ.—ഇവിടെ സമാധാനം അച്ചടിച്ചുവെച്ചിട്ടുണ്ട്. കായ്ത്തർക്ക സമാധാനം ഇല്ലെന്നേയുള്ളൂ. പഴയന്നൂർ പുലയർ വഴിനടന്നതിനു് അടിലഹള ഉണ്ടായകായ്ത്തർക്ക സമാധാനം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല.

റാവുസാഹിബ് മിസ്റ്റർ സി. മത്തായി.—അതു വളരെ കലമായി നടന്നുവരുന്ന ഒരു ആചാരമാണു്. പെട്ടെന്നു നീങ്ങിപ്പോയെന്നു വരികയില്ല. ഈ കേസിനെപ്പറ്റി ഞാൻ അന്വേഷിച്ചു. പുലയരെ കുറെയൊക്കെ ഉപദ്രവിച്ചതു് പരമാർത്ഥമാണു്. പോലീസ് കമ്മീഷണർ പോലീസുകാരെ അയച്ചു വഴിതടസ്സപ്പെടുത്തി ലഹള ഉണ്ടാക്കിയവരെ ഭയപ്പെടുത്തിയിട്ടുണ്ടു്. അതിൽ പിന്നീടു ഞാൻ ഒരിക്കൽ ചെന്നപ്പോൾ എന്നോടൊന്നിച്ചുവരുവാൻ ഞാൻ പുലയരോടു പറഞ്ഞു. അവർ പുറകെവരികയും ചെയ്തു. ഞാൻകുറെദൂരം ചെന്നതിരിഞ്ഞുനോക്കിയപ്പോൾ അവരെ കണ്ടില്ല. കോടതികളിൽ കേസിനുപോയാൽ അവിടെ തെളിവനുസരിച്ചായിരിക്കും വിധി. ഇവർക്കു് തക്കതായ തെളിവുകൊടുക്കുവാൻ സാധിച്ചെന്നും വരികയില്ല. അതിനാൽ കുറെക്ഷമിക്കണം. കാലക്രമംകൊണ്ടു് എല്ലാവഴിക്കും പോകാറാകും.

Suspension of buses for over-loading.

84. Mr. T. A. Ramachandra Ayyar.—Will the Government be pleased to state:—

(a) the number of buses charged for over-loading by the present Commissioner of Police till now ;

(b) the number which were dealt with departmentally ;

(c) the number of buses suspended from running for over-loading and the longest period of suspension ;

(d) the section under which the Commissioner gave suspension orders ;

(e) have the Government come to know that such suspension of buses for the default of the conductors or drivers causes great inconvenience to the public and hardship to the bus-owners?

Mr. P. Nilakanta Menon.—(a) Two.

(b) Seventeen.

(c) Permits have been cancelled in 15 cases. The longest duration is 2 weeks.

LIBRARY ARCHIVES Kerala Legislative Assembly